(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നവരത്നപദ്ധതികൾ

1 (1) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവരത്ന പദ്ധതികൾ എന്ന നിലയിൽ ഈ സർക്കാർ സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; ഈ പദ്ധതികൾ ഓരോന്നിനും തുടക്കം കുറിച്ച വർഷം ഏതായിരുന്നു ; ഓരോ പദ്ധതിയ്ക്കും ആദ്യഘട്ടത്തിൽ സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഏത് തീയതിയിലായിരുന്നു ; ഭൂമി ആവശ്യമായ പദ്ധതിയുടെ കാര്യത്തിൽ ഭൂമി അക്വയർ ചെയ്യൽ തുടങ്ങിയ വർഷം ഏതെല്ലാമായിരുന്നു ;

(ബി) ഈ പദ്ധതികൾ ഓരോന്നും പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യുമ്പോഴേയ്ക്കും പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര വീതമാണ് ; ഓരോ പദ്ധതിക്കും ഇതിനകം സംസ്ഥാന ഖജനാവിൽനിന്നും ചെലവായ തുക പിന്നിട്ട ഓരോ വർഷത്തിലും എത്ര കോടി വീതമായിരുന്നു ; ഈ പദ്ധതികൾ ഓരോന്നും ഏത് തീയതിക്കുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. കൊച്ചി മെട്രോ
2. സ്മാർട്ട് സിറ്റി
3. വിഴിഞ്ഞം പോർട്ട്
4. കണ്ണൂർ എയർപോർട്ട്
5. നാഷണൽ വാട്ടർ വേയ്സ്
6. മോണോ റെയിൽ
7. സബ് അർബൻ റെയിൽവേ
8. നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്ട്
9. യൂത്ത് എന്റർപ്രണർഷിപ്പ്

ഓരോ പദ്ധതിയേയും സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇ-ഫയലിംഗ്

2 (2) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) DEAS വഴി ഫയലുകളുടെ നീക്കം അറിയുന്നതിന് നടപടികൾക്കായി ഫയൽ സമർപ്പിക്കുന്ന സമയത്തു തന്നെ ആയതു സെക്ഷനുകളിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇ-ഫയലിംഗ് നടപ്പായതോടെ ഫിനാൻസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയലുകളുടെ നീക്കം അറിയുന്നതിന് സാമാജികർക്ക് കഴിയാതെ വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 9067/VIP/2014/CM നമ്പർ കത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെതന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഐഡിയാസ് വഴി ലഭ്യമാണ്. ഫയൽ സമർപ്പിക്കുന്ന സമയത്തുതന്നെ ആയത് ഐഡിയാസിൽ രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐഡിയാസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ്വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ.ഐ.സി.യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്.

(ബി) ശ്രദ്ധിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സുതാര്യ കേരളം ഫോൺ ഇൻ പരിപാടി

3 (3) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായി ദൂരദർശനിൽ നേരിട്ട് സംവദിക്കുന്ന സുതാര്യ കേരളം ഫോൺ ഇൻ പരിപാടി മുഖ്യമന്ത്രി വേണ്ടതില്ലെന്ന് തീരുമാനിച്ചത് എന്തുകൊണ്ടാണ്;

(ബി) പരിപാടിയുടെ ഭാഗമായുള്ള ഓരോ എപ്പിസോഡുകളിലും ലഭിച്ച പരാതികളിൽ ഇനിയും തീർപ്പാക്കാതെ ഉള്ളത് എത്ര ;

LIBRARY ARCHIVES Kerala Legislative Assembly